# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 133

22-03-2013 ൽ മറുപടിയ്ക്ക്

## 2013-14 ലെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാന കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ

**ചോദ്യം**

ശ്രീ.എ.എം.ആരിഫ്
ശ്രീ.എ.കെ.ബാലൻ
ശ്രീ.എം.ഹംസ
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) 2013-14 ലെ കേന്ദ്ര ബഡ്ജറ്റ് സംസ്ഥാനത്തെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകിയിരിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് മാത്രമായി പ്രത്യേകം പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ നിലവിൽ കേരളത്തിലെ ചില ജില്ല കളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാളീകേര തോട്ടങ്ങളുടെ പുനർനടീലും പുന:രുജ്ജീവനവും എന്ന പൈലറ്റ് പദ്ധതി സംസ്ഥാനം മൊത്തം വ്യാപിപ്പിച്ച് നടപ്പിലാക്കും എന്ന് 2013-14 ലെ കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ മേഖലയിൽ, ഇടുക്കി, കുട്ടനാട് മേഖലയിലെ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി ഉയർന്ന ഉത്പാദനശേഷിയുള്ള മൃഗങ്ങളെ കൊണ്ടുവരിക, കന്നുകുട്ടി പരിപാലനം, കന്നുകാലികൾ/എരുമ എന്നിവയുടെ പ്രജനനം, കാലിത്തീറ്റ/തീറ്റപ്പുൽ സഹായ പരിപാടി എന്നിവയ്ക്കായി പ്രത്യേകം പദ്ധതി ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറ്റ് കാർഷിക പദ്ധതികളുടെ അർഹമായ വിഹിതം കേരളത്തിനു ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു; ഇവ തന്നെയാണോ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര ബഡ്ജറ്റിൽ ഉൾകൊള്ളിക്കുന്നതിന് പദ്ധതികളൊന്നും ആവശ്യപ്പെട്ടിട്ടില്ല. |
| (സി) | കാർഷിക മേഖലയിൽ സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചതും എന്നാൽ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാത്തതുമായ നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ; | (സി) | ബാധകമല്ല. |
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങൾ ഉൾപ്പെടുത്താത്തത് കാർഷിക മേഖലയെ ഏതു തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ